## 570

ജീവനായകനേ! മനുവേലേ! ലേ ലേ ലെൻ ജീവനായകനേ!

1 ജീവകൃപയിൻ നിജവിയർപ്പു വെള്ളമെന്റെ
മേലൊഴിച്ചു പാപത്തിൽനിന്നുണർത്തി നാവിലൊരു പുതിയ
പ്രാർത്ഥനയെ പകർന്ന-വൻ-എൻ-എൻ-എൻ-എൻ

2 തന്നുയിരിന്നിരിപ്പതാം രുധിരം തന്നി-
ലെന്നുമിരിക്കുമുഷ്ണം തന്നെനിക്കു എന്നുയിരിൽ മരുവും
മരണവിഷമൊഴിച്ച-വൻ-എൻ-എൻ-എൻ-എൻ

3 വിശുദ്ധിവരുത്തുമാറിങ്ങിന്നാത്മാവിനെ നൽകീ-
ട്ടശുദ്ധമാമിരുളെന്നുള്ളിൽ നിന്നകറ്റി വിശ്വാസം പ്രത്യാശ സ്നേഹ
മെന്നാത്മാവിങ്കൽ തന്ന-വൻ-എൻ-എൻ-എൻ-എൻ

4 ഉയിർത്തു മറിയയ്ക്കു പ്രത്യക്ഷമായ പോലിപ്പാ-
പിയാമെനിക്കുള്ളത്തിൽ പ്രത്യക്ഷമായവൻ ഒഴുകും സ്നേഹ
വാക്കാലെന്നുള്ളമൊക്കെയും കവർന്ന-വൻ-എൻ-എൻ-എൻ-എൻ

5 തന്നുടെ ജഡത്തോടുമസ്ഥിയോടുമൊന്നായെന്നെ-
യെന്നും പിരിയാതവണ്ണം ചേർത്തുകൊണ്ടവൻ തന്നുള്ളം തുറന്നു
മനമെല്ലാമെന്നോടറിയിച്ച-വൻ-എൻ-എൻ-എൻ-എൻ

6 ആധികളൊഴിച്ചെന്നെ കാക്കുന്നവൻ ഭക്ഷ-
ണാദികൾ തന്നു നിത്യം പോറ്റുന്നവൻ നീതി വഴിയിലെന്നെ
നടത്തിക്കൊണ്ടുവരുന്ന-വൻ-എൻ-എൻ-എൻ-എൻ

7 ഞാനവനുമവനെനിക്കുമെന്നും സ്വന്തം
ഞാനവനൊഴികെ മറ്റാരെയുമെ നൂനമറിയു-
ന്നില്ലവനെനിക്കെല്ലാമായ-വൻ-എൻ-എൻ-എൻ-എൻ **J.J.**